**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കൊച്ചി നഗരസഭയിലെ അനധികൃത മൊബൈൽ ടവർ നിർമ്മാണം- കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീമതി.അനുജക്കെതിരായ അച്ചടക്ക നടപടി ഫോർമൽ എൻക്വയറി നടത്തുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ആൻഡ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ശ്രീമതി. മിനിമോൾ എബ്രഹാമിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.2279/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 18/08/2018.

---

പരാമർശം :- 1. ചീഫ് ടൗൺപ്ലാനർ (വിജിലൻസ്)ന്റെ 27.10.2014 ലെ സി.റ്റി.പി(വിജി)/300/13 നമ്പർ കത്ത്.

2. കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീമതി.അനുജക്ക് എതിരെനൽകിയ 17.04.15 ലെ ഇയു1/189/2015 തസ്വഭവ നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീമതി.അനുജ 16.08.2017 ൽ ഹാജരാക്കിയ പ്രതിവാദ പത്രിക

4) നഗരകാര്യ ഡയറക്ടറുടെ 15.05.2018 ലെ നം.വി3-10876/2015 കത്ത്

## ഉത്തരവ്

കൊച്ചി നഗരസഭയിൽ ചീഫ് ടൗൺപ്ലാനർ (വിജിലൻസ്)നടത്തിയ പരിശോധനയിൽ. നഗരസഭാപരിധിയിൽ റസിഡൻഷ്യൽ സോണിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ നിബന്ധനകൾക്ക് വിരുദ്ധമായി മൊബൈൽടവർ പണിയുന്നതിന് ബിൽഡിംഗ് പെർമിറ്റ് നൽകി എന്ന പരാമർശം(1)റിപ്പോർട്ടിന്മേൽ കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീമതി.അനുജക്കെതിരെ പരാമർശം(2)പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ പത്രിക നൽകിയിരുന്നു. സൂചന(3) പ്രകാരം ശ്രീമതി.അനുജ പ്രതിവാദ പത്രിക ഹാജരാക്കിയിരുന്നതും സൂചന(4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയതുമാണ്.

2) കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടിയാണ് ശ്രീമതി.അനുജയ്ക്കെതിരെ ആരംഭിച്ചിട്ടുള്ളത്. പ്രതിവാദപത്രികയും ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിക്കുമ്പോൾ KCS(CC& A)റൂൾ ചട്ടം 15(a)നിഷ്കർഷിക്കുന്നതരത്തിലുള്ള ഫോർമൽ എൻക്വയറി നടത്തേണ്ടതുണ്ടെന്ന് കാണുന്നതിനാൽ ഫോർമൽ എൻക്വയറി നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ശ്രീമതി. മിനിമോൾ എബ്രഹാമിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് എത്രയും പെട്ടെന്ന് സമർപ്പിക്കേണ്ടതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**റ്റി.കെ.ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ശ്രീമതി. മിനിമോൾ എബ്രഹാം, അഡീഷണൽ സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ (UC(f)No.KRP28458/13 സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),
ശ്രീമതി.അനുജ, കൊച്ചി നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**